REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-09-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. വോട്ടെണ്ണൽ വൈകിട്ട് ആറിന്.**
- **സംസ്ഥാന ഗവൺമെന്റിന്റെ ഓണം വാരാഘോഷത്തിന് വൈകിട്ട് തിരുവനന്തപുരത്ത് സമാപനം.**
- **കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലായിരുന്ന കുട്ടി രോഗമുക്തി നേടി.**
- **ആറന്മുള ഉത്രട്ടാതി ജലമേളയുടെ ചടങ്ങുകൾക്ക് തുടക്കമായി.**
- **സ്വർണത്തിന് ഇന്നും റെക്കോർഡ് വിലവർദ്ധന. പവന് ആയിരം രൂപ കൂടി.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. ന്യൂഡൽഹിയിലെ പുതിയ പാർലമെന്റ് മന്ദിരത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ആദ്യം വോട്ട് ചെയ്തത് - കേന്ദ്രമന്ത്രിമാരും പ്രമുഖ നേതാക്കളും തുടർന്ന് വോട്ട് രേഖപ്പെടുത്തി. കേന്ദ്രമന്ത്രിമാരായ രാജ് നാഥ്സിംഗ്, ജിതേന്ദ്ര സിംഗ്, പ്രൽഹാദ് ജോഷി, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ്, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, സോണിയാഗാന്ധി, JDS നേതാവ് HD ദേവെഗൗഡ, കോൺഗ്രസ് നേതാവ് ഗൗരവ് ഗൊഗോയ് തുടങ്ങിയവരും ആദ്യ മണിക്കൂറിൽ തന്നെ വോട്ട് രേഖപ്പെടുത്തി.

NDA സ്ഥാനാർത്ഥി മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണനാണ് - INDI ബ്ലോക്കിന്റെ സ്ഥാനാർത്ഥി മുൻസുപ്രീംകോടതി ജഡ്ജി B സുദർശൻ റെഡ്ഡിയും.

പാർലമെന്റിന്റെ ഇരു സഭകളിലേയും 781 MP മാരടങ്ങുന്ന ഇലക്ടറൽ കോളജാണ് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. 391 വോട്ട് നേടുന്നയാൾ വിജയിക്കും. രഹസ്യ ബാലറ്റിലൂടെയാണ് തെരഞ്ഞെടുപ്പ്. വൈകിട്ട് ആറിന് വോട്ടെണ്ണൽ ആരംഭിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഹിമാചൽ പ്രദേശിലെയും, പഞ്ചാബിലെയും പ്രളയബാധിത പ്രദേശങ്ങൾ ഇന്ന് സന്ദർശിക്കും. ഉച്ചകഴിഞ്ഞ് ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ എത്തുന്ന പ്രധാനമന്ത്രി ഉന്നതതല അവലോകന യോഗത്തിൽ പങ്കെടുത്ത ശേഷം പ്രളയമേഖലയിൽ അദ്ദേഹം വ്യോമനിരീക്ഷണം നടത്തും.

✪✪✪

നേപ്പാളിലെ എല്ലാ ഇന്ത്യൻ പൗരന്മാർക്കും വിദേശകാര്യമന്ത്രാലയം ജാഗ്രതാ നിർദ്ദേശം നൽകി. നേപ്പാളിലെ യുവജന പ്രതിഷേധ സാഹചര്യത്തിൽ അധികൃതരുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് മന്ത്രാലയം ആവശ്യപ്പെട്ടു. അയൽരാജ്യത്തെ സംഭവ വികാസങ്ങൾ ഇന്ത്യ നിരീക്ഷിച്ചുവരികയാണ്. നേപ്പാളിലെ ജീവഹാനിയിൽ ദുഃഖം പ്രകടിപ്പിക്കുന്നതായും സമാധാനപരമായ മാർഗങ്ങളിലൂടെയും, ചർച്ചകളിലൂടെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്നും വിദേശകാര്യമന്ത്രാലയം നേപ്പാൾ അധികൃതരോട് ആവശ്യപ്പെട്ടു.

✪✪✪

GST പരിഷ്കരണം നടപ്പിലാകാൻ ഇനി രണ്ടാഴ്ചയിൽ താഴെ മാത്രം സമയം. ഗവൺമെന്റിന്റെ പൗരകേന്ദ്രീകൃതമായ GST പരിഷ്കരണം നിത്യോപയോഗ സാധനങ്ങളുടേയും അവശ്യ വസ്തുക്കളുടേയും വില ഗണ്യമായി കുറയ്ക്കുമെന്നാണ് വിലയിരുത്തൽ. ഹെയർ ഓയിൽ, ഷാമ്പു, ഷേവിംഗ് ക്രീം, ടൂത്ത് പേസ്റ്റ്, ടാൽകം പൗഡർ എന്നിവയ്ക്ക് GST അഞ്ച് ശതമാനമായി കുറച്ചത് സാധാരണക്കാർക്ക് ആശ്വാസമായി മാറും. കോസ്മെറ്റിക് മേഖലയുടെ വികസനത്തിനും നടപടി വഴിയൊരുക്കുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ച് സാംസ്കാരിക ഘോഷയാത്ര വൈകിട്ട് വെള്ളയമ്പലത്ത് നിന്നും ആരംഭിച്ച് കിഴക്കേകോട്ടയിൽ സമാപിക്കും. മാനവീയം വീഥിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും.

അമ്പത്തിയൊന്ന് കലാകാരന്മാർ ശംഖ് നാദം മുഴക്കുകയും തുടർന്ന് വാദ്യോപകരണമായ കൊമ്പ്, മന്ത്രി P.A.മുഹമ്മദ് റിയാസ് മുഖ്യകലാകാരന് കൈമാറി സാംസ്കാരിക ഘോഷയാത്രയ്ക്ക് തുടക്കം കുറിക്കും

തിരുവനന്തപുരത്തു നിന്ന് രെജു കോലിയക്കോട്.

............(വോയ്സ്)................

✪✪✪

പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ- IMC - യുടെ നിർമ്മാണ പ്രവൃത്തി കേരളപിറവി ദിനമായ നവംബർ ഒന്നിന് ആരംഭിക്കുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. അടിസ്ഥാന സൗകര്യ വികസന ടെൻഡർ നടപടി ഈ മാസം പൂർത്തിയാകുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ലോകത്തിലെ ഏറ്റവും മികച്ച ഉത്പാദന നിക്ഷേപ കേന്ദ്രങ്ങളുമായി മത്സരിക്കാൻ കഴിയുന്ന അത്യാധുനിക വ്യവസായ നഗരമായി പാലക്കാടിനെ മാറ്റുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലായിരുന്ന കുട്ടി രോഗമുക്തി നേടി. താമരശ്ശേരി സ്വദേശിയായ ഏഴ് വയസുകാരനാണ് രോഗം ഭേദമായി ആശുപത്രി വിട്ടത്. നീരീക്ഷണത്തിലായിരുന്ന മറ്റൊരു കുട്ടിയെയും ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തു. നിലവിൽ രണ്ട് മലപ്പുറം സ്വദേശികളായ കുട്ടികളാണ് ചികിൽസയിൽ. ഇവരുടെ ആരോഗ്യനില തൃപ്തികരമാണ്.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇതുവരെ അഞ്ച് പേർ മരിക്കുകയും, 14 പേർക്ക് രോഗം സ്ഥിരീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ ജാഗ്രത തുടരുകയാണ്. രണ്ട് പേർക്ക് കിണർ വെള്ളത്തിൽ നിന്നാണ് രോഗബാധയുണ്ടായത്. പൊതു ജലാശയങ്ങളും, വെള്ളം കെട്ടിക്കിടക്കുന്ന ഇടങ്ങളും ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തണമെന്ന്

ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി. സംസ്ഥാനത്ത് 25 ഓളം പേർ അമീബിക് രോഗം ബാധിച്ച് ചികിത്സയിലാണ്.

✪✪✪

ആറന്മുള ഉത്രട്ടാതി ജലമേളയുടെ ചടങ്ങുകൾക്ക് തുടക്കമായി. ഉച്ചയ്ക്ക് ഒന്നരയോടെ മന്ത്രി വീണാ ജോർജ് മേള ഉദ്ഘാടനം ചെയ്യും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

......(വോയ്സ്)............

✪✪✪

മലപ്പുറത്തെയും കണ്ണൂരിലെയും ഓണാഘോഷങ്ങൾ ഇന്ന് സമാപിക്കും. വൈകിട്ട് കോട്ടക്കുന്നിൽ സംഗീതപരിപാടിയോടെയാണ് മലപ്പുറത്തെ ആഘോഷങ്ങളുടെ സമാപനം.

കണ്ണൂരിൽ കേരള മഹിള സമഖ്യയുടെ കലാരൂപങ്ങളും, ഡാൻസ് നൈറ്റും , മ്യൂസിക്കൽ ഷോയും സമാപനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ല് സംഭരണ രജിസ്ട്രേഷന് തുടക്കമായി. ഈ മാസം അവസാനത്തോടെ ജില്ലയിൽ ഒന്നാം വിള കൊയ്ത്തും സജീവമാകും.

പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്.

.......(വോയ്സ്).................

✪✪✪

ഏഷ്യാ കപ്പ് ട്വന്റി - 20 ക്രിക്കറ്റ് മത്സരങ്ങൾക്ക് അബുദാബിയിൽ ഇന്ന് തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ അഫ്ഗാനിസ്ഥാൻ ഹോങ്കോങ്ങിനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിന് ഷെയ്ഖ് സയീദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യയുൾപ്പെടെ എട്ടു ടീമുകളാണ് ടൂർണമെന്റിൽ മത്സരിക്കുന്നത്.

✪✪✪

ഹോങ്കോങ് ഓപ്പൺ 2025 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ ടീമിനെ ഒളിമ്പിക് ജേതാവ് PV സിന്ധു നയിക്കും.

✪✪✪

സ്വർണത്തിന് ഇന്നും റെക്കോർഡ് വിലവർദ്ധന. ഇന്ന് പവന് ആയിരം രൂപ കൂടി, 80,880 രൂപയായി. 9,985 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ ആന്തൂരിൽ കുടുംബശ്രീ CDS ഉം, നഗരസഭയും ചേർന്ന് നടപ്പിലാക്കിയ സേവനശ്രീ സംരംഭ പദ്ധതി ശ്രദ്ധേയമാകുന്നു. 2023 ലാണ് അയൽക്കൂട്ടം പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് പദ്ധതി ആരംഭിച്ചത്.

വിശദമാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി K O ശശിധരൻ.

....(വോയ്സ്)...........

✪✪✪

കാസർകോട് ഫാഷൻ ജ്വല്ലറി പണം തട്ടിപ്പിൽ മുൻ MLA MC കമറുദ്ദീനും, ബിസിനസ് പങ്കാളി TK പൂക്കോയതങ്ങൾക്കും ഹൈക്കോടതി ജാമ്യം അനുവദിച്ചു. നാല് കമ്പനികളുടെ പേരിൽ ഇടപാടുകാരിൽ നിന്ന് 20 കോടിയിൽപ്പരം രൂപ തട്ടിയെടുത്തെന്നാണ് ഇവർക്കെതിരായ കേസ്.

✪✪✪

രണ്ടാമത് ഡോ. T.P സുകുമാരൻ പുരസ്കാരത്തിനു ആലങ്കോട് ലീലാകൃഷ്ണൻ അർഹനായതായി സ്മാരക സമിതി കണ്ണൂരിൽ അറിയിച്ചു. 25,000 രൂപയും ഫലകവുമടങ്ങിയ പുരസ്കാരം ഈ മാസം 13-ന് മാഹി മലയാള കലാഗ്രാമത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ സമ്മാനിക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader : ശരണ്യരാജൻ*
*NRTs : അനിൽ ചന്ദ്രൻ*
*DEO : ഷീബ*